بسم الله الرحمن الرحيم

# പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

## വെള്ളിയാഴ്ച ഖുത്തുബ

*10 February 2012 (17 Rabi'ul Awwal 1433 Hijri)*

## ഹസ്രത്ത് ഖലീഫത്തുല്ല, അൽമസീഹുൽ മൗഊദ് മുനീർ അഹ്മദ് അസീം(അ)

**(വെള്ളിയാഴ്ച ഖുത്തബയുടെ സംഗ്രഹം)**

ലോകമെമ്പാടുമുള്ള അനുയായികളെ എല്ലാ മുസ്ലിം സഹോദരങ്ങളെയും–പ്രാദേശിക ദ്വീപുകളിലെയും ഇന്ത്യ,കേരളം, ട്രിനിഡാഡ്, ടുബാഗോ, തുടങ്ങിയ പ്രദേശങ്ങളെ എടുത്തുത പറഞ്ഞു കൊണ്ടും സമാധാനത്തിന്റെ സലാം കൊണ്ട് അഭിസംബോധന ചെയ്തതിനുശേഷം ഹസ്രത്ത് മുഹ്യിദ്ദീൻ തശ്ഹദും, തഅവസും, സൂറഫാത്വിഹായും ഓതുകയും തുടർന്ന് വിശുദ്ധ ഖുർ ആനിലെ 16–ാംഅധ്യായം 90–ാം വചനമായ ഓതികേൾപ്പിച്ചു.

وَنَزَّلْنَا عَلَيْكَ الْكِتَابَ تِبْيَانًا لِّكُلِّ شَيْءٍ وَهُدًى وَرَحْمَةً وَبُشْرَى لِلْمُسْلِمِينَ ۝

*"ഈ ഗ്രന്ഥത്തെ, എല്ലാ കാര്യങ്ങളും വിശദീകരിക്കുന്നതും,അനുസരണം പുലർത്തുന്നവർക്ക് മാർഗദർശകവും, കാരുണ്യവും സുവിശേഷമായി നാം നിനക്ക് അവതരിപ്പിച്ചിരിക്കുന്നു".* (16:90)

ശരിയായ അർത്ഥത്തിലുള്ള വിജയികളായ ദായീ ഇലല്ലാഹ്(അല്ലാഹുവിലേക്കും ഇസ്ലാമിലെക്കും ജനങ്ങളെ ക്ഷണിക്കുന്ന ആളുകൾ) ആയി മാറാൻ നാമാഗ്രഹിക്കുന്നുവെങ്കിൽ ഖുർ ആനിലൂടെ അല്ലാഹു നമുക്ക് നല്കിയിരിക്കുന്ന നിർദ്ദേശങ്ങളെയും അവന്റെ തിരുദൂതരുടെ ചര്യയെയും ആധാരമാക്കിയുള്ള ദഅ്വ നാം ചെയ്യേണ്ടിയിരിക്കുന്നു.

അല്ലാഹുവിന്റെ ദൂതനായ മുഹമ്മദ് നബി(സ) വളരെ വ്യക്തവും ശക്തവുമായ ഭാഷയിൽ വ്യക്തമാക്കിയിരിക്കുന്നത് ഇപ്രകാരമാണ്. ഖുർ ആനും തിരുസുന്നത്തിനും നിരക്കാത്ത ഏതൊരു മതപരമായ പ്രവൃത്തിയും അല്ലാഹുവിന്റെ സന്നിധിയിൽ തിരസ്കരിക്കപ്പെടുന്നതാണ്. മതപരമായ കാര്യത്തിൽ പുതിയ പരിഷ്കാരങ്ങൾ കൊണ്ടു വരുന്നത് നാം തീർത്തും ഒഴിവാക്കേണ്ട ഒന്നാണ്. ഇതു സംബന്ധമായി താഴെ കൊടുത്തിരിക്കുന്ന ഹദീസുകളിൽ നിന്നും നാം പാഠം ഉൾകൊള്ളേണ്ടതാണ്.

1. ജാബിർ ഇബ്നു അബദുല്ലാഹ്(റ) റിപ്പോർട്ടു ചെയ്യുന്നു. അല്ലാഹുവിന്റെ തിരുദൂതർ (PBU) അരുളിയിരിക്കുന്ന ഏറ്റവും നല്ല പ്രഭാഷണം അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ അടങ്ങിയിരിക്കുന്നു. ഏറ്റവും നല്ല മാർഗദർശനം അവന്റെ പ്രവാചകൻ ആയ മുഹമ്മദ്(സ) കാട്ടിത്തന്ന മാർഗ്ഗദർശനവും ആകുന്നു. പുത്തൻ പരിഷ്കാരങ്ങൾ സാത്താന്റെ ചെയ്തികളാകുന്നു. അങ്ങനെയുള്ള ഓരോ പരിഷ്കാരവും തെറ്റാകുന്നു.(മുസ്ലിം).

2. അലി ഇബ്നു അബൂത്വാലിബ് നബി(സ) അരുളിയതായി റിപ്പോർട്ടു ചെയ്യുന്നു. ഏതൊരുവൻ പുത്തൻ പരിഷ്കാരം കൊണ്ടു വരുന്നുവോ അവൻ തന്നെയായിരിക്കും അതിന്റെ ഉത്തരവാദി. മതത്തിൽ ആര് പുത്തൻ പരിഷ്കാരങ്ങൾ ഉൾപ്പെടുത്തുന്നുവോ, അവന്റെ മേൽ അല്ലാഹുവിന്റെയും, അവന്റെ മലഖുകളുടെയും, അവന്റെ ദാസരായ സകല ജനതയുടെയും ശാപമുണ്ടാക്കുന്നതാണ്.(അബൂ ദാവൂദ്).

ദഅ്വ ചെയ്യുന്നതിൽ അല്ലാഹുവിന്റെ ജൂതരുടെ ചര്യകളും രീതികളും നാം പിന്തുടരേണ്ടതാണ്. ഖുർ ആൻ വചനങ്ങൾ (68:5) സാക്ഷ്യപ്പെടുത്തിയിരിക്കുന്നതു പോലെ നബി (സ) മഹത്തായ ഗുണവിശേഷങ്ങൾക്കുടമയും സകല മുസ്ലിംകൾക്കുംഎക്കാലത്തെയും മാതൃകയും ആകുന്നു.അദ്ദേഹത്തിന്റെ സ്വഭാവമഹിമയെ വെല്ലുന്ന ഒരു പ്രവാചകൻ അദ്ദേഹത്തിന്റെ ആഗമനത്തിനു മുമ്പോ പിമ്പോ ഉണ് ടാകുന്നതല്ല. അദ്ദേഹത്തിന്റെ ആഗമനത്തിനുശേഷം ആഗതരാകുന്ന പ്രവാചകരിൽ ചിലർക്ക് അവരുടെ സ്വഭാവഗുണങ്ങളിൽ തിരുമേനിയുടെ സ്വഭാവമഹിമയുടെ സാദൃശ്യം അനുഭവപ്പെടുന്നതിനാൽ തിരുമേനിയുടെ ചെറുപതിപ്പ് എന്നറിയപ്പെടുമെങ്കിലും അവരിലാർക്കും തന്നെ തിരുമോനി(സ) യുടെ സ്വഭാവപൂർണ്ണത ഒരിക്കലും ലഭ്യമാകുന്നതല്ല. അവർ പൂർണ്ണത കൈവരിക്കുവാൻ അല്ലാഹുവിന്റെ സഹായം തേടികൊണ്ടിരിക്കുകയും, പരിശ്രമിക്കുകയും ചെയ്യുന്നവരായി നമുക്കു കാണാം.അങ്ങനെ അവർ തങ്ങളുടെ നിതാന്ത പരിശ്രമത്താൽ തിരുമേനിയുടെ ചര്യയെ അക്ഷരം പ്രതി അനുകരിക്കുന്നവരായി മാറുന്നു. അങ്ങനെ വരികിൽ പോലും ഒരിക്കലും ആർക്കും തിരുമേനി കൈവരിച്ച പൂർണ്ണത, കൈവരിച്ചതായി ആർക്കും അവ

കാശപ്പെടാനാവില്ല.കാരണം പൂർണ്ണതയും അതിന്റെ സദൃശ്യവും രണ്ടും രണ്ട് തന്നെയാണ്,ഛായയുംപ്രതി ഛായയും പോലെ.

വി.ഖുർ.ആൻ അധ്യായം 33ൽ 22–ാം വചനത്തിൽ അല്ലാഹു നമ്മോട് പറയുന്നു. തീർച്ചയായും നിങ്ങൾക്ക്അല്ലാഹുവിന്റെ ദൂതനിൽ ഒരു ഉത്തമമാതൃകയുണ്ട്. അതായത്അല്ലാഹു വിനെയും, അന്ത്യനാളി നേയും, ഭയപ്പെടുകയും അല്ലാഹുവിനെ അധികമായി സ്മരിക്കുകയും ചെയ്യുന്നവർക്ക്.

ബുഖാരിയിലെ ഒരു വിശ്വസനീയമായ ഹദീസിൽ മുഹമ്മദ് നബി(സ) ഇപ്രകാരം പറഞ്ഞ തായി അബൂഹുറൈറ(റ) റിപ്പോർട്ട് ചെയ്തതായി കാണുന്നു.

*''ആദം സന്തതികളുടെ സൃഷ്ടിപ്പു മുതൽക്ക് ഏറ്റവും ശ്രേഷ്ഠനായ ദൂതനായി എന്നെ അയ ക്കപ്പെട്ടിരിക്കുന്നു''.*

ഇതിൽ നിന്നെല്ലാം വ്യക്തമാകുന്നത് എന്തെന്നാൽ നാമെല്ലാവരും വി.ഖുർ ആനും, തിരസു ന്നത്തും അനുസരിച്ച് പെരുമാറണമെന്നു തന്നെയാണ്. നാമോരോരുത്തരും ലക്ഷ്യമിടേണ്ടത് യഥാർത്ഥ ഭക്ത ദാസരായ മുസ്ലിം ആയി മാറാനും, അങ്ങനെ ശരിയായ–സത്യമായ–ഇസ്ലാമിന്റെ അനുയായികളായി മാറാനും വേണ്ടിയായിരിക്കണം. നാം പരിശ്രമിക്കേണ്ടത് അഞ്ച് ഇസ്ലാം കാര്യങ്ങൾ യഥാവിധി അനുസരിക്കുന്ന – അനുഷ്ഠിക്കുന്ന മുസ്ലിംകളോ, ആറ് ഈമാൻ (വിശ്വാസപരമായ) കാര്യങ്ങൾ പാലിക്കുന്ന മുഅമിനുകളോ മാത്രം ആയിത്തീരാനല്ല. മറിച്ച്, മുഹ്സിനുകളും, മുത്തഖീകളും(അല്ലാഹുവിനെ സദാ സ്മരിക്കുകയും, ഭയ ക്കുകയും ചെയ്യുന്നവരും, ഭക്തരും, സത്യവ്രതരും തിന്മകളിൽ നിന്നും ദൂരപ്പെട്ടു നില്ക്കുവാൻ സദാ ശ്രമി ക്കുന്നവരുമായ ആൾക്കാർ) ആയി മാറുവാനും കൂടിയായിരിക്കണം. നിർഭാഗ്യവശാൽ, ഇക്കാലത്ത് നമ്മുടെ ഇടയിലുള്ള മുസ്ലിംകളിലെ ഒരു നല്ല പങ്കും, ഖുർ ആനും സുന്നത്തും യഥാവിധി പാലിക്കുന്നില്ല. വളരെ ചെറിയ ഒരു ശതമാനമേയുള്ളൂ. ഇവ യഥാവിധി പാലിക്കുകയും, അനുസരിക്കുകയും ചെയ്യുന്നവരായ മുസ്ലിം കളായി അതേപോലെ തന്നെ അതിലും ഒരു ചെറിയ ശതമാനം പേരേയുള്ളൂ മുത്തഖീങ്ങളായും, മുഅ്മീനി ങ്ങളായും, ഒരു വലിയ ശതമാനം മുസ്ലിം ജനതയും അല്ലാഹുവിന് പങ്കുകാരെ വെക്കുന്ന മുശ്രിക്കീങ്ങളു ടെയും മുനാഫിഖീങ്ങളുടെയും ഗണത്തിലാണ്. അല്ലാഹുവിലേക്ക് നാം ജനങ്ങളെ ക്ഷണിക്കുമ്പോൾ മുസ്ലിം ഇതര വിഭാഗങ്ങൾക്ക് ഈ വസ്തുത വളരെ വ്യക്തമായി മനസ്സിലാക്കി കൊടുക്കുന്ന രീതിയിലായിരിക്കണം സംസാരിക്കേണ്ടത്. കാരണം അങ്ങനെ ചെയ്യുമ്പോൾ അവർക്ക് പേരുകൊണ് ടു മാത്രം മുസ്ലിംകളായവരു മായി ബന്ധപ്പെടുത്തി ഇസ്ലാമിക സംസ്കാരം മനസ്സിലാക്കുന്ന അവരുടെ ശീലത്തെ നിർത്തലാക്കുവാൻ സാധി ക്കും.

താഴെ തന്നിരിക്കുന്ന ഹദീസിനെ ആധാരമാക്കി യഥാർത്ഥ മുസ്ലിം ആരൊക്കെയാണ്? എങ്ങ നെയാണ്അവർക്ക് ഔന്നത്യം എന്ന് നമുക്ക് അവരെ മനസ്സിലാക്കിക്കാവുന്നതാണ്.

അബൂഹുറൈറ(റ) വിശദമാക്കുന്നു. ഒരു ദിവസം മലക്ക് ജിബ്രിൽ (അ) ആഗതനായി നബി( സ) യോടു ചോദിച്ചു. എന്താണ് വിശ്വാസം? മറുപടിയായി തിരുനബി(സ) അരുളി. വിശ്വാസമെന്നാൽ അല്ലാ ഹുവിൽ വിശ്വസിക്കലാകുന്നു. അവന്റെ മലക്കുകളിലും അവനെ കാണുന്നതിലും, അവന്റെ ദൂതന്മാരിലും, പുനരുദ്ധാരണത്തിലും വിശ്വസിക്കലാകുന്നു. ജീബ്രീൽ (അ) വീണ്ടും ചോദിച്ചു. ''എന്താണ് ഇസ്ലാം?'' അല്ലാ ഹുവിന്റെ ദൂതൻ പറഞ്ഞു. ''അല്ലാഹുവിനെ മാത്രം ആരാധിക്കുക, മറ്റൊരു പങ്കുകാരനെയും അവനോടൊപ്പം ചേർക്കാതിരിക്കുക, കൃത്യമായി ചിട്ടയോടെ നമസ്കാരമനുഷ്ഠിക്കുക, സകാത്ത് നല്കുക, റമദാൻ മാസത്തിൽ വ്രതമനുഷ്ഠിക്കുക'' ജിബ്രീൽ(അ) വീണ്ടും ചോദിച്ചു: ''എന്താണ് ഇഹ്സാൻ'' (പൂർണ്ണത)?. തിരുനബി(സ) മറുപടിയായി പറഞ്ഞു.ഭക്തിയുടെ ഈ അവസ്ഥ കൈവരിക്കുവാൻ നിങ്ങൾ ഒരു വസ്തുത ഒരിക്കലും മറന്നു പോകരുത്, ഓരോ നിമിഷവും, അല്ലാഹു നിന്നെ കാണുന്നുണ്ട് –നോക്കികൊണ്ടിരിക്കുന്നുണ്ട് എന്ന് മന സ്സിലാക്കണം. തുടർന്ന് അബൂഹുറൈറ റിപ്പോർട്ട് ചെയ്തതായി കാണുന്നുതിരുനബി(സ) ഈ പറഞ്ഞ കാര്യ ങ്ങളെല്ലാം, വിശ്വാസത്തിന്റെ ഭാഗമായി കണക്കാക്കിയിരുന്നു.(ബുഖാരി, മുസ്ലിം).

മുസ്ലിം നാമധാരികൾ മാത്രമായ ജനങ്ങൾ മോശമായ പ്രവൃത്തികളിൽ മുഴുകി തങ്ങളുടെ ജീവിതങ്ങളെ നശിപ്പിച്ചു കളയുന്നു. മദ്യപാനം, മോഷണം, സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ, വ്യഭിചാരം, ചൂഷണം, വഴക്ക്, വക്കാണം, തുടങ്ങിയവയിലേർപ്പെട്ട് ഇത്തരം ആൾക്കാർ മുസ്ലിംകൾക്കു മാത്രമല്ല ഇസ്ലാം മതത്തിനാകമാനം മോശമായ ഒരു പ്രതിഛായയാണ് നല്കുന്നത്.

ഈ വസ്തുത ഇസ്ലാമികേതര ജനവിഭാഗങ്ങളെ ഇസ്ലാമിലേക്ക് ക്ഷണിക്കുന്ന സന്ദർഭങ്ങളിൽ അവർക്ക് വ്യക്തമാക്കിക്കൊടുക്കേണ്ടതുണ്ട്. അങ്ങനെയായാൽ മുസ്ലിം നാമധാരികളായ ആൾക്കാരുടെ പ്രവൃ ത്തികളുമായി ബന്ധപ്പെടുത്തി ഇസ്ലാമിനെ മനസ്സിലാക്കുവാനുള്ള അവരുടെ പ്രവണതയെ ഇല്ലാതാക്കാം. അവ രോട് ഉക്കാര്യം വ്യക്തമായി പറഞ്ഞു കൊടുക്കേണ്ടതാണ്–അതായത് അവർ കണ്ടു കൊണ്ടിരിക്കുന്ന അല്ലെ ങ്കിൽ അറിഞ്ഞിരിക്കുന്ന മുസ്ലിംകൾ വെറും നാമധാരികൾ മാത്രമാ

ണെന്നും ഇസ്ലാമിക ചര്യകൾ പാലിക്കുന്നവർ അല്ലേ അല്ല എന്നും. ഇസ്ലാമികധ്യാപനങ്ങൾക്ക് അനുസരിച്ചുള്ള ജീവിതക്രമമല്ല അവർ പാലിക്കുന്നതെന്നും അതിനാലാണ് അവരുടെ രീതികൾ തങ്ങൾക്ക് ഇഷ്ടപ്പെടാത്തത് എന്നും വ്യക്തമാക്കി നല്കണം.

ഇസ്ലാം പഠിപ്പിക്കുന്നത് സത്യസന്ധതയും എല്ലാവരോടും ഏറ്റവും മാന്യമായ നിലയിലുള്ള പെരുമാറ്റ രീതികളുമാണ്. ഖുർ ആന്റെയും തിരുസുന്നത്തിന്റെയും, അടിസ്ഥാനത്തിലായിരിക്കണം നാമവരെ ഇസ്ലാമിലേക്ക് ക്ഷണിക്കേണ്ട്ത്. മറ്റു മുസ്ലിം നാമധാരികളുടെ പ്രവൃത്തികളിലേക്ക് നോക്കരുത് എന്ന് നാമവരെ ഉപദേശിക്കണം. ഇസ്ലാമിനെതിരെ ഇസ്ലാമികേതര എഴുത്തുകാർ വരച്ചു കാട്ടുന്ന ചിത്രത്തിലൂടെ മാത്രം ഇസ്ലാമിനെ നോക്കുന്ന മനോഭാവത്തിൽ തങ്ങളെ തളച്ചിടരുത് എന്നവരെ ഉപദേശിക്കുക. ശരിയായ മാർഗ്ഗദർശ്ശനത്തിനായി, ഇസ്ലാമികസത്യം മനസ്സിലാക്കുവാനായി വസ്തുനിഷ്ടപരവും, യുക്തിസഹവുമായ ഒരു കാഴ്ചപ്പാട് വളർത്തേണ്ടതിന്റെ ആവശ്യകതയെപ്പറ്റി അവരെ ഉണർത്തുക. നാമവർക്കു മുന്നിൽ അവതരിപ്പിക്കുന്നത് വി ഖുർ ആനും തിരുസുന്നത്തും അനുസരിച്ചുള്ള യഥാർത്ഥ സത്യത്തെക്കുറിച്ചുള്ള അറിവാണ്. ആയതിനാൽ ഖുർ ആനും, തിരുസുന്നത്തുമനുസരിച്ചുള്ള യഥാർത്ഥ അറിവുകൾ കരഗതമാക്കുവാൻ മാത്രമല്ല നാം ശ്രമിക്കേണ്ടത്, മറിച്ച് ആ ദിവ്യമാർഗദർശനങ്ങളിലൂടെ നമുക്ക് ലഭ്യമായ അറിവുപയോഗിച്ച് ആളുകൾകളെ അല്ലാഹുവിലേക്ക് ക്ഷണിക്കുവാൻ കൂടിയാണ്.

മനുഷ്യരുടെ പ്രവർത്തനങ്ങളെയും, അവരുടെ സ്വഭാവരീതികളെയും നിയതമായ വരുതിക്കുള്ളിലാക്കുവാനായി ഇസ്ലാം നാനാതരത്തിലുള്ള നിയന്ത്രണങ്ങൾ നടപ്പിലാക്കിയിട്ടു്. എന്ന സത്യം നിങ്ങൾ ഗ്രഹിക്കുക. പക്ഷേ ആത്മീയത എന്നത് പ്രധാനമായി രണ്ടു കാര്യങ്ങളിലധിഷ്ഠിതമാണ്. ദൈവഭക്തിയും, നിരന്തരമായ പ്രാർത്ഥനാശീലവും ആണത്. ദൈവഭക്തിയുടെ അടിത്തറ ഒരുവന്റെ ഹൃദയത്തിന്റെയും മനസ്സിന്റെയും പവിത്രതയിൽ ഊന്നിയിരിക്കുന്നു. അതുപോലെ തന്നെ, ഒരുവനെ തന്റെ സ്രഷ്ടാവുമായുള്ള ഒരുമയ്ക്ക് സഹായിക്കുന്ന മുഖ്യഘടകം അവന്റെ സദായുള്ള പ്രാർത്ഥനാ ശീലമാണ്.

പ്രാർത്ഥന, വ്രതാനുഷ്ഠാനം, സക്കാത്ത് ദാനം, ദഅ്വ തുടങ്ങിയവയെല്ലാം തന്നെ വിശ്വാസത്തെ അതിന്റെ പരിപൂർണ്ണതയിലേക്ക് നയിക്കുന്ന അവിഭാജ്യഘടങ്ങളാണ്. അതേ സമയം ഒരു വ്യക്തിയിലുള്ള എല്ലാ നന്മകളുടെയും അതിസ്ഥാനം തഖ്വ(ദൈഭക്തി)യാണ്.വാസ്തവത്തിൽ തഖ്വ മനുഷ്യന്റെ കർമ്മങ്ങളുടെ ആത്മാവാണ്. അതിനാലാണ് അല്ലാഹു ഹൃദയമാണ് ദൈവഭക്തിയുടെ ആസ്ഥാനമെന്ന് പഠിപ്പിച്ചുതന്നത്.

വി.ഖുർആൻ പ്രഖ്യാപിക്കുന്നത് തന്നെ അല്ലാഹുവിന്റെ അടയാളങ്ങളെ ഗ്രഹിക്കുവാൻ ഒരുവന്റെ ഹൃദയത്തിൽ ജ്വലിക്കുന്ന ദൈവഭക്തിയുടെ ആത്മാവിനു മാത്രമേ സാധിക്കുകയുള്ളൂ എന്നാണ്.

വി.ഖുർ ആൻ 22–ാം അധ്യായം 33–ാം വചനം വ്യക്തമാക്കുന്നത് ഇപ്രകാരമാണ്.<u>അതങ്ങനെയാണ്, വല്ലവനും അല്ലാഹുവിന്റെ പാവനചിഹ്നങ്ങളെ ബഹുമാനിക്കുന്നതായാൽ തീർച്ചയായും അത് ഹൃദയങ്ങളുടെ ഭക്തിയിൽപ്പെട്ടതാണ്.</u>

യഥാർത്ഥ ദാഈ–ഇലല്ലാഹ്–യെ സംബന്ധിച്ചിടത്തോളം വി.ഖുർ ആനാണ് ദിവ്യമായ അറിവുകളുടെ ഒടുങ്ങാത്ത കലവറ. അത് ആഴത്തിൽ പഠിക്കുക വഴി ആ അമൂല്യരത്നങ്ങളെ എങ്ങനെ കൈകാര്യം ചെയ്യണമെന്നും, തന്റെ ആത്മാവിനെ പരിശുദ്ധപ്പെടുത്തുന്നതു വഴി എങ്ങനെ മറ്റുള്ളവരെ ഈ സത്യത്തിലേക്ക് അല്ലാഹുവിന്റെ ഈ പരിപൂർണ്ണമായ മതത്തിലേയ്ക്ക് വിളിക്കണമെന്നും ആ വ്യക്തിക്ക് മനസ്സിലാക്കുവാൻ സാധിക്കുന്നു.

സർവ്വശക്തനായ അല്ലാഹു നിങ്ങളെ ഏവരെയും, അനുഗ്രഹിക്കുകയും, ഈ ഖുത്തുബ, അതു നിങ്ങളുടെ നേട്ടങ്ങൾക്ക് ഉപയുക്തമാക്കാനുതകുന്ന വിധം നന്നായി ഗ്രഹിക്കുവാനും ഇടയാക്കട്ടെ. ഇൻശാ അല്ലാഹ്. അടുത്ത വെള്ളിയാഴ്ചയും ദഅ്വയുമായി ബന്ധപ്പെട്ട കാര്യം തന്നെ നിങ്ങളോട് സംസാരിക്കുന്നതാണ്.

*Translated by:* *Fauzia Jamal*

*Issued by:* *R. Jamaludin Raother, Amir*

*Jamaat Ul Sahih Al Islam Kerala*
*Ph: 9447001832, 0475-2252530*
*Email: jamal.raother@gmail.com*
*Website: http://www.jamaat-ul-sahih-al-islam.com*